⇨ ലോക്ഡൗണിലൂടെ എല്ലാ സമരങ്ങളും പ്രധാനമന്ത്രിയുടെ ഒരൊറ്റ പ്രഖ്യാപനത്താൽ റദ്ദാക്കപ്പെട്ടു ⇨

# യു.എ.പി.എ കേസുകൾ: കോവിഡ് കാലത്തും തുടരുന്ന കഠിനമായ അവകാശലംഘനങ്ങൾ

സാമൂഹിക അകലം പാലിക്കേണ്ടതുണ്ട് എന്ന ആരോഗ്യവിദഗ്ധരുടെ നിർദ്ദേശത്തെ അനുസരിച്ചു കൊണ്ട് പൗരത്വഭേദഗതി നിയമത്തിനെതിരായ സമരങ്ങൾ താത്കാലികമായ പിരിഞ്ഞുപോയെങ്കിലും ഈ സമരങ്ങളെ തന്ത്രപൂർവ്വം നേരിടുന്നതിനുള്ള നീക്കങ്ങൾ ഭരണതലത്തിൽ വ്യാപകമായി നടക്കുകയാണ്. പൗരത്വഭേദഗതി നിയമത്തിനെതിരായ പ്രക്ഷോഭകരെ യു.എ.പി.എ ചുമത്തി അറസ്റ്റു ചെയ്യുന്നത് ലോക്ഡൗൺ കാലത്ത് പതിവായി ത്തീർന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ യു.എ.പി.എ എന്ന മർദ്ദക നിയമത്തിന്റെ മനുഷ്യാവകാശ വിരുദ്ധമായ ഉള്ളടക്കങ്ങളെ ചരിത്രപരമായി തുറന്നുകാണിക്കുന്നു

**■ നിഖിൽ വർഗ്ഗീസ്**

**ലോകം** കോവിഡ് 19ന്റെ വ്യാപനത്താൽ വിറങ്ങലിച്ചു നിൽക്കുമ്പോഴും രാഷ്ട്രീയ വിയോജിപ്പുകളോടും വിമർശനങ്ങളോടും പുലർത്തുന്ന ഭരണകൂടങ്ങളുടെ അസഹിഷ്ണുതയ്ക്ക് ഒരു കുറവുമുണ്ടായിട്ടില്ല എന്നതാണ് ഈ ലോക്ഡൗൺ കാലത്തെ ഇന്ത്യൻ അനുഭവം. മാർച്ച് 24ന് രാജ്യത്ത് സമ്പൂർണ്ണ അടച്ചുപൂട്ടൽ പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പുവരെ സംഘർഷഭരിതമായിരുന്നു രാജ്യത്തെ തെരുവുകൾ. ഭരണപക്ഷത്തിന്റെ ജനദ്രോഹനയങ്ങൾക്കും നിയമനിർമ്മാണങ്ങൾക്കുമെതിരായ പലവിധ സമരങ്ങൾ രാജ്യമെമ്പാടും പൊതുനിരത്തുകളെ പ്രകമ്പനം കൊള്ളിച്ച് മുന്നോട്ടുപോകുന്നതിനിടയിലാണ് കോവിഡ് 19 ഇന്ത്യയ്ക്കും ഒരു ഭീഷണിയായി കടന്നുവരുന്നത്. ആ സമരങ്ങളിൽ വച്ച് ഏറ്റവും വലിയതോതിൽ ജനപങ്കാളിത്തമുണ്ടായിരുന്ന ഒരു മുന്നേറ്റമായിരുന്നു പൗരത്വഭേദഗതി നിയമത്തിനെതിരായി നടന്ന പ്രക്ഷോഭങ്ങൾ. പ്രതിപക്ഷത്തുള്ള സംഘടിത രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല, ഇന്ത്യയുടെ മതനിരപേക്ഷ ഉള്ളടക്കത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന അനേകം ജനങ്ങൾ മുസ്ലിംങ്ങൾക്ക് പൗരത്വം നിഷേധിക്കുന്ന വംശീയപരമായ നിയമപരിഷ്കരണത്തിനെതിരെ ഭരണഘടനയെ ഉയർത്തിപ്പിടിച്ച് സമരത്തെരുവുകളിലേക്ക് ഇറങ്ങിവന്നു. രാജ്യ തലസ്ഥാനത്തെ ജാമിയ മില്ലിയ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ കൊളുത്തിയ സമരാഗ്നി 2019 ഡിസംബർ മുതൽ അണയാതെ ആളിപ്പടരുകയായിരുന്നു. കൊറോണയുടെ ആദ്യഭീഷണകൾ പ്രത്യക്ഷമായിത്തുടങ്ങിയ സമയത്തുപോലും പൗരത്വബില്ലിനെതിരായ പ്രക്ഷോഭത്തിൽ മുൻനിരയിൽ നിന്ന ദില്ലിയിലെ ഷഹീൻബാഗ് സമരപോരാളികൾ സാമൂഹിക അകലം പാലിച്ചും സമരം തുടർന്നു. എന്നാൽ നിർബന്ധിത ലോക്ഡൗണിലൂടെ എല്ലാ സമരങ്ങളും പ്രധാനമന്ത്രിയുടെ ഒരൊറ്റ പ്രഖ്യാപനത്താൽ റദ്ദാക്കപ്പെട്ടു. പൗരത്വ ഭേദഗതി നിയമത്തിനെതിരായ സമരങ്ങൾ മാത്രമല്ല, രാജ്യത്തെ എല്ലാ ജനകീയ മുന്നേറ്റങ്ങൾക്കും തെരുവുകളിൽ നിന്നും പിൻവലിയേണ്ടി വന്നു. മഹാമാരിയുടെ വ്യാപനത്തെ തടയുന്നതിന് സാമൂഹിക അകലം പാലിക്കേണ്ടതുണ്ട് എന്ന ആരോഗ്യവിദഗ്ധരുടെ നിർദ്ദേശത്തെ അനുസരിച്ചുകൊണ്ട് സമരങ്ങൾ താത്കാലികമായി പിരിഞ്ഞുപോയെങ്കിലും ഈ സമരങ്ങളോടുള്ള അസഹ്യത കാരണം അവയെ തന്ത്രപൂർവ്വം നേരിടുന്നതിനുള്ള നീക്കങ്ങൾ ഭരണതലത്തിൽ വ്യാപകമാവുകയുണ്ടായി. പൗരത്വഭേദഗതി നിയമത്തിനെതിരായ പ്രക്ഷോഭകരെ, പ്രത്യേകിച്ച് വിദ്യാർത്ഥി യുവജന

*⇨ ലോക്ഡൗണിനെ നടുവിലെ ആ അനീതിപൂർണ്ണമായ അറസ്റ്റിനെ നേരിടാൻ നിയമത്തിന്റെ മാർഗ്ഗത്തിലൂടെയും കഴിയാതെപോയി ⇨*



**The UAPA amendments are unconstitutional for the simple reason that they allow the State to notify a person as a terrorist without a procedure established by law**

നേതൃത്വങ്ങളെ അറസ്റ്റു ചെയ്യുന്നതും ജയിലിൽ അടയ്ക്കുന്നതും ലോക്ഡൗൺ കാലത്ത് പതിവായി ത്തീർന്നു. മുഖ്യമായും പൗരത്വബില്ലിനെതിരായ സമരങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിച്ച ദില്ലിയിലെ ജാമിയ-ജെ.എൻ.യു-ദില്ലി യൂണിവേഴ്സിറ്റി വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളുമാണ് കള്ളക്കേസുകളിൽ കുടുക്കപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടത്. ലോക്ഡൗൺ സമയമായതിനാൽത്തന്നെ ഈ അറസ്റ്റുകൾക്കെതിരെ പ്രതിഷേധിക്കാൻ കഴിയാത്ത സ്ഥിതിയിലായിരുന്നു സമരങ്ങളിൽ കൂടെയുണ്ടായിരുന്ന സഹവിദ്യാർത്ഥികൾ. ആ സാഹചര്യം തന്നെയാണ് സർക്കാർ ഒരു അവസരമായെടുത്തതും. പ്രത്യക്ഷമായ തെളിവുകളുണ്ടായിരുന്നിട്ടും ദില്ലിയിൽ നടന്ന വർഗ്ഗീയ കലാപത്തിന്റെ പിന്നിൽ പ്രവർത്തിച്ച സംഘപരിവാർ നേതൃത്വങ്ങൾക്കെതിരെ ഒരു കേസും എടുക്കപ്പെട്ടില്ല എന്നതും ഇതുമായി കൂട്ടിവായിക്കേണ്ടതുണ്ട്. ലോക്ഡൗൺ സമയത്ത് ഏറെ വിമർശനങ്ങൾക്ക് വഴിവച്ച മറ്റൊരു പോലീസ് നടപടി ആനന്ദ് തെൽതുംതെയുടെയും ഗൗതം നവ്‌ലാഖയുടെയും അറസ്റ്റാണ്. ഭീമ കൊറേഗാവ് കേസുമായി ബന്ധപ്പെട്ടാണ് അവരെ അറസ്റ്റ് ചെയ്തത്. സുപ്രീംകോടതിയിൽ അടക്കം പെറ്റീഷനുകൾ പോയെങ്കിലും ലോക്ഡൗണിന് നടുവിലെ ആ അനീതിപൂർണ്ണമായ അറസ്റ്റിനെ നേരിടാൻ നിയമത്തിന്റെ മാർഗ്ഗത്തിലൂടെയും കഴിയാതെപോയി. 2018ൽ നടന്ന ഭീമ കൊറേഗാവ് സംഭവത്തെ തുടർന്ന് രാജ്യവ്യാപകമായി പൗരാവകാശ പ്രവർത്തകരും എഴുത്തുകാരും അറസ്റ്റുചെയ്യപ്പെട്ടിരുന്നു. 'അർബൻ നക്സൽ' എന്ന ഒരു വിഭാഗം നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട് എന്ന് വരുത്തിത്തീർത്ത് ആ പേരിൽ കുറേ ആക്ടിവിസ്റ്റുകളെ അറസ്റ്റു ചെയ്യുന്നതിനുള്ള ശ്രമമാണ് ഭീമ കൊറേഗാവ് കേസിലൂടെ നടക്കുന്നത്. ആഭ്യന്തര മന്ത്രി അമിത് ഷാ തന്നെ 'അർബൻ നക്സൽ' രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്നതരത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഈ സമത്ത് പറയുകയുണ്ടായി. വളരെ അവ്യക്തമായതും തെളിവുകൾ ആവശ്യമില്ലാത്തതുമായ ഒരു വർഗ്ഗീകരണത്തിന്റെ ഉള്ളിലേക്ക് സർക്കാരിനെതിരെ സംസാരിക്കുന്നവരെ എല്ലാം കൊണ്ടുവന്ന്, അവരെ ഒരിക്കലും ജാമ്യം ലഭിക്കാത്തതരത്തിലുള്ള കേസുകളിൽ ഉൾപ്പെടുത്തി ജയിലിൽ അടയ്ക്കുന്നതിനുള്ള പദ്ധതിയാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അണിയറയിൽ രൂപം കൊണ്ടിരിക്കുന്നത്. ഭീമ കൊറേഗാവ് കേസ് അതിനുള്ള പ്രാരംഭ പരീക്ഷണശാലയായാണ് കേന്ദ്ര സർക്കാർ കാണുന്നത് എന്നാണ് വ്യക്തമാകുന്നത്. അതുകൊണ്ടാണ് കൂടുതൽ ആക്ടിവിസ്റ്റുകളിലേക്കും എഴുത്തുകാരിലേക്കും ഒരു തെളിവുമില്ലെങ്കിലും അറസ്റ്റുകൾ നീണ്ടുകൊണ്ടിരിക്കുന്നത്. ഇന്ത്യയെ ഹിന്ദുത്വ രാഷ്ട്രമായി മാറ്റുന്നതിനുള്ള ബൃഹദ് പദ്ധതിക്ക് തടസ്സം നിൽക്കുന്നവരെ തുടച്ചുനീക്കുക എന്ന സംഘപരിവാറിന്റെ രാഷ്ട്രീയ താത്പര്യങ്ങളാണ് ഇതിന്റെ എല്ലാം പിന്നിൽ പ്രവർത്തിക്കുന്നതെന്നും വ്യക്തമാവുകയാണ്. ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ) ആണ് അത്തരത്തിലുള്ള നീക്കങ്ങൾക്ക് തിരക്കഥകളൊരുക്കിക്കൊടുക്കുന്ന അധികാരസ്ഥാപനം. കേരളത്തിലും അവർ നിർമ്മിച്ചെടുത്ത 'അർബൻ നക്സൽ' കഥകളുടെ ഭാഗമായ പരീക്ഷണങ്ങൾ നടക്കുന്നതായാണ് അലൻ-താഹ എന്നീ രണ്ട് വിദ്യാർത്ഥികളുടെ അറസ്റ്റിനെ തുടർന്നുണ്ടായ നീക്കങ്ങളിലൂടെ വ്യക്തമായിരുന്നുത്. അലൻ–താഹ കേസ് എൻ.ഐ.എ ഏറ്റെടുത്ത ശേഷം 'അർബൻ നക്സൽ' എന്ന പേരിൽ കൂടുതൽ ആളുകളുകളെ, പ്രത്യേകിച്ച് ആക്ടിവിസ്റ്റുകളെ അതുമായി ബന്ധിപ്പിക്കുന്നതിനുള്ള ശ്രമം എൻ.ഐ.യുടെ ഭാഗത്ത് നിന്നും ഉണ്ടായി. പലരെയും കസ്റ്റഡിയിലെടുക്കുകയും ചോദ്യം ചെയ്യുകയും ചെയ്തും. പലരുടെയും വീടുകൾ റെയ്ഡ് ചെയ്യുകയും മൊബൈൽ ഫോണും ലാപ്ടോപ്പും അടക്കമുള്ള ഉപകരണങ്ങൾ പിടിച്ചെടുത്തുകൊണ്ട് പോവുകയും ചെയ്തു.

ഇതെല്ലാം നടന്നത് ഈ ലോക്ഡൗൺ കാലത്തുതന്നെയാണ്.

## യു.എ.പി.എയുടെ കടന്നുവരവ്

ഈ നടപടികളിലെല്ലാം പൊതുവായി കാണാൻ കഴിയുന്നത് യു.എ.പി.എ എന്ന നിഷ്ഠൂരമായ നിയമത്തിന്റെ പ്രയോഗമാണ്. 2019ൽ ഭേദഗതി ചെയ്യപ്പെട്ടതിന് ശേഷം യു.എ.പി.എ നിയമത്തിന്റെ പ്രയോഗം രാജ്യത്ത് വ്യാപകമായിരിക്കുകയാണ്. രാഷ്ട്രീയ വിയോജിപ്പുകളെ അടിച്ചമർത്തുന്നതിനുള്ള ഒരു മർദ്ദകോപകരണമായി യു.എ.പി.എ മാറിയിരിക്കുന്നു. ഇത്രകാലവും ഈ നിയമത്തിന്റെ ഇരകളായിത്തീർന്നവരിൽ ബഹുഭൂരിപക്ഷവും മതന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവരാണ് എന്നതാണ് മറ്റൊരു ഗൗരവമുള്ള പ്രശ്നം. ജാമ്യം പോലും ലഭിക്കാതെ നിരവധിപേർ വിചാരണാ തടവുകാരായി വർഷങ്ങളോളം ജയിലിൽ കിടക്കുകയും പിന്നീട് കുറ്റവിമുക്തരാക്കപ്പെട്ട് പുറത്തുവരുകയും ചെയ്തിട്ടും യു.എ.പി.എ പിൻവലിക്കുന്നതിനുള്ള ഒരു നീക്കവും സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായില്ല. പകരം, നിയമത്തെ കൂടുതൽ കാർക്കശ്യമുള്ളതാക്കുകയും നിയമത്തിന്റെ പരിധിയിലേക്ക് കൂടുതൽ കാര്യങ്ങൾ കൊണ്ടുവരാൻ കഴിയുന്നതരത്തിൽ അധികാരപരിധി വർദ്ധിപ്പിക്കുകയുമാണ് സർക്കാർ ചെയ്തത്. ഒടുവിൽ, അമിത്ഷായുടെ മുൻകൈയിൽ യു.എ.പി.എ നിയമത്തിലുണ്ടായ ഭേദഗതിയുടെ ഉദ്ദേശമെന്താണ് എന്ന് വ്യക്തമാക്കുന്ന തരത്തിലാണ് ഇപ്പോൾ അറസ്റ്റുകൾ നടന്നുകൊണ്ടിരിക്കുന്നത്. 1967ൽ നിലവിൽ വന്ന യു.എ.പി.എ നിയമം 2019ലെ ഭേദഗതിയിലൂടെ വിമതശബ്ദങ്ങളെ നിശബ്ദമാക്കുന്നതിനായി ഭരണകൂടങ്ങൾക്ക് പ്രയോഗിക്കാൻ കഴിയുന്ന ഏറ്റവും മർദ്ദകമായ നിയമമായി മാറിയിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം ഉണ്ടായിരുന്നിട്ടും ഇടതുപക്ഷം ഭരിക്കുന്ന കേരളം അടക്കം യു.എ.പി.എയുടെ കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് തന്നെ സ്വീകരിക്കുന്നു എന്നത് മനുഷ്യാവകാശ ലംഘനത്തിന്റെ വ്യാപ്തി കൂട്ടുന്നു എന്നാണ് അലൻ-താഹ കേസിലൂടെ കാണാൻ കഴിയുന്നത്. ഈ പശ്ചാത്തലത്തിൽ യു.എ.പി.എ നിയമം എത്രമാത്രം മനുഷ്യവിരുദ്ധമാണ് എന്ന് പരിശോധിക്കുകയാണ് ഇവിടെ.

## ചരിത്ര പശ്ചാത്തലം, ഭേദഗതികൾ

സ്വാതന്ത്ര്യാനന്തരം നിലവിൽ വന്ന ഇന്ത്യൻ സർക്കാർ വിവിധ കാലങ്ങളിൽ ജനങ്ങളുടെ മൗലീകാവകാശങ്ങൾക്ക് മേൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളെക്കുറിച്ച് വിവക്ഷിക്കുന്ന 19-ാം ആർട്ടിക്കിൾ ഭേദഗതി ചെയ്തുകൊണ്ടാണ് അവകാശങ്ങൾക്ക് നേരെയുള്ള കടന്നുകയറ്റം ആരംഭിക്കുന്നത്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്തുണ്ടായിരുന്ന രാജ്യദ്രോഹത്തെ സംബന്ധിച്ച നിയമങ്ങൾ അതേപോലെ തന്നെ ഇന്ത്യൻ പീനൽ കോഡിലും ഉൾപ്പെടുത്തുകയുണ്ടായി. ഇതിനെല്ലാം പുറമെയാണ് 1967ൽ നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമം എന്ന പേരിൽ പൗരാവകാശങ്ങളെ വലിയ തോതിൽ ഹനിക്കുന്ന ഒരു നിയമം രൂപം കൊള്ളുന്നത്. ഇന്ത്യൻ യൂണിയനിൽ നിന്നും വിഘടിച്ച് നിൽക്കാൻ ആഗ്രഹിക്കുന്നത് ഈ നിയമം കുറ്റകരമായി കണ്ടു. ഇന്ത്യയുടെ പരമാധികാരത്തിനും ഭൂപരമായ ഐക്യത്തിനും വിഘാതമാകുന്ന എല്ലാ തരത്തിലുമുള്ള ആവിഷ്കാരങ്ങൾ (എഴുത്ത്, ചിത്രരചന, പ്രസംഗം...) എന്നിവ ഭീകരമായ കുറ്റമായി മാറി. ഇതോടെ, ഒരു കുറ്റകൃത്യവും ചെയ്യാതെ തന്നെ നിയമവിരുദ്ധ പ്രവർത്തനത്തിൽ ഏർപ്പെടുന്നു എന്ന കാരണം കാണിച്ച് പൗരരെ അറസ്റ്റുചെയ്യുന്നതിനും ഒരു സംഘടനയെ നിരോധിക്കുന്നതും സർക്കാരിന് കഴിയും എന്ന സ്ഥിതി സംജാതമായി. അക്രമോത്സുകമായ ഒരു പ്രവർത്തിയിലും ഏർപ്പെടാത്ത വ്യക്തിയേയും ഈ നിയമം ഉപയോഗിച്ച് കരുതൽത്തടങ്കൽ വയ്ക്കാം. ഈ നിയമപ്രകാരം നിരോധിക്കുന്ന സംഘടനകളിൽ അംഗമായിരിക്കുന്നതും ഒരു കുറ്റമായി മാറി. നിരോധിക്കപ്പെട്ട സംഘടനകൾക്ക് പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിനായി ഹൈക്കോടതി ജഡ്ജി ചെയർമാനായ ഒരു ട്രിബ്യൂണലിൽ പരാതി നൽകാം. ഈ ജഡ്ജിയെ സർക്കാർ നിയോഗിച്ചതായിരിക്കും, കൂടാതെ മറ്റ് അംഗങ്ങൾ സർക്കാർ നിർദ്ദേശിക്കുന്ന എക്സിക്യൂട്ടീവിന്റെ ഭാഗമായ ഉദ്യോഗസ്ഥരും. സർക്കാരിന് തങ്ങളുടെ ഇംഗിതം അടിച്ചേൽപ്പിക്കാൻ സാധിക്കുന്ന ഘടനയിലുള്ള ഈ ട്രിബ്യൂണലിന് ചില ജുഡീഷ്യൽ അധികാരങ്ങളും നിയമം നൽകുന്നുണ്ട്.

2004, 2008, 2012, 2019 വർഷങ്ങളിലെ ഭേദഗതിയിലൂടെ നിയമം കൂടുതൽ മനുഷ്യത്വവിരുദ്ധമായി മാറുകയായിരുന്നു. സ്വേച്ഛാധികാരപരമായ ഭരണകൂട നിർമ്മിതിക്ക് പിൻബലമേകുന്ന തരത്തിലുള്ള രൂപ

2004, 2008, 2012, 2019 വർഷങ്ങളിലെ ഭേദഗതിയിലൂടെ നിയമം കൂടുതൽ മനുഷ്യത്വവിരുദ്ധമായി മാറുകയായിരുന്നു. സ്വേച്ഛാധികാരപരമായ ഭരണകൂട നിർമ്മിതിക്ക് പിൻബലമേകുന്ന തരത്തിലുള്ള രൂപമാറ്റങ്ങളാണ് ഓരോ ഭേദഗതിയിലൂടെയും യു.എ.പി.എ നിയമത്തിൽ വന്നുചേർന്നത്. 2004ലെ ഭേദഗതിയിലൂടെയാണ് ഭീകരപ്രവർത്തനം യു.എ.പി.എയുടെ പിരിധിയിലേക്ക് വരുന്നത്.

മാറ്റങ്ങളാണ് ഓരോ ഭേദഗതിയിലൂടെയും യു.എ.പി.എ നിയമത്തിൽ വന്നുചേർന്നത്. 2004ലെ ഭേദഗതിയിലൂടെയാണ് ഭീകരപ്രവർത്തനം യു.എ.പി.എയുടെ പിരിധിയിലേക്ക് വരുന്നത്. 2002ൽ നിലവിൽ വന്ന പ്രിവൻഷൻ ഓഫ് ടെററിസം ആക്ട് എന്ന പോട്ട നിയമം നിരുത്തരവാദപരമായി പ്രയോഗിക്കപ്പെട്ടതിനെ തുടർന്നുണ്ടായ രാജ്യവ്യാപകമായ പ്രതിഷേധങ്ങളുടെ ഫലമായി 2004ലെ ഒന്നാം യു.പി.എ സർക്കാർ പോട്ട നിയമം റദ്ദുചെയ്യുകയായിരുന്നു. എന്നാൽ 2004ൽ തന്നെ യു.എ.പി.എ നിയമം ഭേദഗതി ചെയ്ത് പോട്ട നിയമത്തിലെ വ്യവസ്ഥകൾ അതിൽ എഴുതിചേർക്കുകയും ചെയ്തു. 2004 ഭേദഗതി പ്രകാരം ഏത് ക്രിമിനൽക്കുറ്റവും സർക്കാരിന് ഭീകര പ്രവർത്തനമായി വ്യാഖ്യാനിക്കാം എന്ന സ്ഥിതി വന്നു. 2004ലെ ഭേദഗതിയുടെ മാരകമായ മറ്റൊരു കൂട്ടിച്ചേർക്കൽ നിയമവിരുദ്ധ പ്രവർത്തിയുടെ വ്യാഖ്യാനത്തിൽ വരുകയുണ്ടായി. ഇന്ത്യയോട് disaffection, നിർമ്മമത പുലർത്തുന്ന പ്രവർത്തികൾ പോലും നിമയവിരുദ്ധ പ്രവർത്തനമായി വ്യാഖ്യാനിക്കാം എന്നതായിരുന്നു അത്. ഇത് സർക്കാരിനോടുള്ള വിമർശനങ്ങളെപ്പോലും യു.എ.പി.എ ചുമത്താവുന്ന കുറ്റമായി പരിഗണിക്കാവുന്ന സാഹചര്യം സൃഷ്ടിച്ചു.

മുബൈ ഭീകരാക്രമണത്തിന് ശേഷം വേണ്ടത്ര ചർച്ചകൾ പോലും നടത്താതെ വളരെ തിടുക്കത്തിലാണ് 2008ൽ യു.എ.പി.എ നിയമത്തിൽ വീണ്ടും ഭേദഗതിയുണ്ടാകുന്നത്. അതും ഒന്നാം യു.പി.എ സർക്കാരിന്റെ കാലത്ത് തന്നെയാണ് സംഭവിക്കുന്നത്. പോലീസിന് ഒരാളെ കസ്റ്റഡിയിൽ സൂക്ഷിക്കാവുന്ന കാലാവധി ഈ ഭേദഗതി പ്രകാരം വർദ്ധിപ്പിച്ചു. ജാമ്യം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ വർദ്ധിപ്പിച്ചു. കുറ്റപത്രം സമർപ്പിക്കാതെ കുറ്റാരോപിതനെ ജയിലിൽ അടയ്ക്കാനുള്ള വകുപ്പ് എഴുതിച്ചേർത്തു. ഭീകരപ്രവർത്തനത്തെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ കൂടുതൽ അവ്യക്തമായി എന്നതാണ് ഏറ്റവും ഗൗരവമുള്ള പ്രശ്നം. അവ്യക്തമായ വ്യാഖ്യാനം അതിന്റെ പ്രയോഗപരിധി വർദ്ധിപ്പിക്കുന്നതിന് കാരണമായിത്തീർന്നു. ഐക്യരാഷ്ട്ര സംഘടനയുടെ 'ഭീകരവാദത്തെ നേരിടുമ്പോൾ മനുഷ്യാവകാശങ്ങളും മൗലീകസ്വാതന്ത്ര്യങ്ങളും സംരക്ഷിക്കുന്നതിനെക്കുറിച്ച്' എന്ന പ്രത്യേക റിപ്പോർട്ടിൽ ഭീകരവാദത്തെ വ്യാഖ്യാനിക്കുന്നതിൽ കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം മൂന്ന് ക്യൂമിലേറ്റീവ് കണ്ടീഷനുകളുടെ സാന്നിധ്യമാണ് ഭീകരപ്രവർത്തനത്തെ സാധാരണ ക്രിമിനൽ കുറ്റകൃത്യത്തിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ഒന്ന്, പ്രയോഗമാർഗ്ഗം. രണ്ട്, ഉദ്ദേശം. മൂന്ന്, ലക്ഷ്യം. എന്നാൽ 2008ലെ ഭേദഗതിയിലെ വ്യാഖ്യാനങ്ങൾ ഈ നിർദ്ദേശങ്ങളെയൊന്നും ഉൾക്കൊള്ളുന്നില്ല. മാത്രമല്ല, സമാധാനപരമായ പ്രതിഷേധങ്ങളും റെയിൽ, പോർട്ട് എന്നിവയുടെ പ്രവർത്തനം സ്തംഭിക്കുന്നതരത്തിലുള്ള സമരങ്ങളും ഭീകരവാദത്തിന്റെ വ്യാഖ്യാനത്തിൽ ഉൾപ്പെടുകയും ചെയ്തു.

നിലവിൽ ഈ നിയമപ്രകാരം ഒരു സംഘടനയെ നിയമവിരുദ്ധ സംഘടനയായോ ഭീകരവാദ സംഘടനയായോ പ്രഖ്യാപിക്കാൻ സർക്കാരിന് സാധിക്കും. ഇപ്രകാരം നിരോധിക്കുന്നതിന് കാരണമായ തെളിവുകൾ പ്രസ്തുത സംഘടനയ്ക്ക് നൽകുന്നത് പൊതുതാത്പര്യത്തിന് വിഘാതം സൃഷ്ടിക്കുന്നു എന്ന് കാണിച്ച് സർക്കാരിന് നൽകാതിരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഉണ്ട്. നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ട സംഘടനയ്ക്ക് നിരോധനം നീക്കുന്നതിനായി ട്രിബ്യൂണൽ മുമ്പാകെ ഹാജരാകുന്നതിനും തെളിവുകൾ നൽകുന്നതിനും വാദിക്കുന്നതിനും അധികാരമുള്ളപ്പോൾ ഭീകരസംഘടനയായി പ്രഖ്യാപിക്കപ്പെട്ടവയ്ക്ക് പരാതി നൽകുവാൻ മാത്രമേ സാധിക്കൂ. ഇത്തരത്തിൽ സർക്കാർ ഏകപക്ഷീയമായി നിരോധിത സംഘടനയായി പ്രഖ്യാപിക്കുന്ന ഒരു സംഘടനയിലെ കേവല അംഗത്വം പോലും രണ്ട് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്. 'അംഗത്വം' എന്നതിനും യു.എ.പി.എ നൽകുന്ന വ്യാഖ്യാനം പരന്നതായതിനാൽ സർക്കാരിന് അനായാസം ഒരാളെ നിരോധിതസംഘടനയുടെ അംഗമാണെന്ന് വരുത്തിത്തീർക്കാൻ കഴിയും. നിയമപ്രകാരം ഭീകരസംഘടനയായി ലിസ്റ്റ് ചെയ്തിട്ടുള്ള സംഘടന ഒരു കുറ്റകൃത്യം ചെയ്യുകയും ഇതിൽ പൗരർക്ക് പരിക്കോ, മരണമോ സംഭവിക്കുകയും ചെയ്താൽ കുറ്റകൃത്യത്തിൽ നേരിട്ട് പങ്കെടുക്കാത്ത ഒരാൾ പോലും സംഘടനയിലെ അംഗമാണ് എന്ന കാരണത്താൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാം.

കോടതിയുടെ അനുമതി കൂടാതെ അറസ്റ്റ് ചെയ്യുന്നതിനും റെയ്ഡ് ചെയ്യുന്നതിനും വസ്തുവകകൾ കണ്ടുകെട്ടുന്നതിനും 2008 ലെ ഭേദഗതി സർക്കാരിന് അനുമതി നൽകുന്നു. സൂപ്രണ്ട്/കമ്മീഷണർ റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന് വ്യക്തിപരമായി ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ പോലും പോലീസ് മേധാവിയുടെ അനുവാദത്തോടെ സെർച്ച്, അറസ്റ്റ്, കണ്ടുകെട്ടൽ എന്നിവ നിർവ്വഹിക്കാം. ഈ ഉദ്യോഗസ്ഥന് അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെക്കുറിച്ച് മറ്റേതെങ്കിലും സർക്കാർ ഏജൻസിയിൽ നിന്നോ വ്യക്തിയിൽ നിന്നോ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം നൽകുന്നു. ഇത് വ്യക്തിയുടെ സമാധാനപരമായ ജീവിതത്തിനും സ്വകാര്യതയ്ക്കുമുള്ള അവകാശത്തിന് നേരെയുള്ള കടന്നുകയറ്റമാണ്. ഇന്ത്യയിലെ ക്രിമിനൽ നടപടി പ്രകാരം അറസ്റ്റിന് ഉചിതമായ സംശയവും സെർച്ചിന് ഉചിതമായ കാരണവും ഉണ്ടായിരിക്കണം എന്നുണ്ട്. 2008ലെ ഭേദഗതി ഈ തത്വത്തെയും ലംഘിച്ചിരിക്കുകയാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ അറിവ് മാത്രം അന്വേഷണത്തിനും അറസ്റ്റിനും പിടിച്ചെടുക്കലിനുമുള്ള മുന്നുപാധിയായി മാറി. അറസ്റ്റിന്റെ

കാരണങ്ങൾ അറസ്റ്റ് ചെയ്തയാളെ അറിയിക്കുന്നതിന് കാലതാമസം വരുത്താനും യു.എ.പി.എ ചുമത്തുന്നതിലൂടെ സാധിക്കും എന്ന സ്ഥിതി വന്നു. ഒരു വ്യക്തിയെ പോലീസ് കസ്റ്റഡിയിൽ വയ്ക്കാവുന്നതിന്റെ പരമാവധി ദിവസം 15ൽ നിന്നും 30 ഉം ജുഡീഷ്യൽ കസ്റ്റഡിയിൽ വയ്ക്കാവുന്നതിന്റെ പരിധി 90ൽ നിന്നും 180 ദിവസവുമായി വർദ്ധിപ്പിച്ചു. യു.എ.പി.എ നിമയത്തിന്റെ പരിധിയിൽ പോട്ട നിയമത്തിലെ പോലെ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനുള്ള വകുപ്പുകളുണ്ടായിരുന്നില്ല. എന്നാൽ 2008ൽ



എൻ.ഐ.എ സ്ഥാപിതമായതോടെ യു.എ.പി.എ ചുമത്തുന്ന കേസുകൾ എൻ.ഐ.എയ്ക്ക് ഏറ്റെടുക്കാനും എൻ.ഐ.എ കോടതികളിൽ വിചാരണ നടത്താനും കഴിയുമെന്ന സ്ഥിതി വന്നു. ഈ കോടതികളിലെ അടച്ചിട്ട വിചാരണയും സാക്ഷികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതിരിക്കാനുള്ള നിയമവും പ്രോസിക്യൂഷന് കാര്യങ്ങൾ എളുപ്പമാക്കും. 2019ൽ ബി.ജെ.പി സർക്കാർ എൻ.ഐ.എ ആക്ടും യു.എ.പി.എയും വീണ്ടും ഭേദഗതി ചെയ്തു. വ്യക്തികളെക്കൂടി ഭീകരവാദികളായി പ്രഖ്യാപിക്കാനുള്ള വകുപ്പുകളാണ് 2019ലെ ഭേദഗതിയിലൂടെ കൂട്ടിച്ചേർക്കപ്പെട്ടത്. അറസ്റ്റ്, സെർച്ച്, കണ്ടുകെട്ടൽ എന്നിവ നടത്തുന്നതിന് എൻ.ഐ.എയുടെ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് കൂടി നിയമത്തിലൂടെ അനുവാദം ലഭിച്ചു. വ്യക്തികളെ ഭീകരവാദികളായി പ്രഖ്യാപിക്കുന്നതിന്, 'സർക്കാർ അങ്ങനെ വിശ്വസിക്കുന്നുണ്ടെങ്കിൽ' എന്നാണ് നിയമത്തിൽ നൽകിയിരിക്കുന്ന വ്യാഖ്യാനം. ഇത് ഏതൊരാളെയും ഭീകരരായി പ്രഖ്യാപിക്കുന്നതിനുള്ള സാധ്യതയാണ് തുറന്നിടുന്നത്. ചിന്തകൾ പോലും അറസ്റ്റു ചെയ്യപ്പെടാവുന്ന സാഹചര്യം നിലവിൽ വന്നിരിക്കുന്നു എന്നതാണ് 2019ലെ ഭേദഗതിയിലൂടെ സംഭവിച്ചിരിക്കുന്നത് എന്ന് ചുരുക്കം.

ഒരു സർക്കാർ സംവിധാനം പ്രവർത്തിക്കുന്നത് വ്യക്തികളിലൂടെയാണ്. വ്യക്തികളുടെ കാഴ്ച്ചപ്പാടുകൾ, സംസ്കാരം, മൂല്യങ്ങൾ എന്നിവ തീരുമാനങ്ങളെ സ്വാധീനിക്കാതിരിക്കാൻ വേണ്ടിയാണ് കൃത്യമായ നിയമങ്ങളും ചട്ടങ്ങളും എഴുതപ്പെട്ടിട്ടുള്ളത്. സർക്കാരിന്റെ ഓരോ പ്രവർത്തനങ്ങൾക്കും കൃത്യമായ അധികാരപരിധി നിശ്ചയിച്ചിരിക്കുന്നതും പരസ്പരം പരിശോധിക്കുന്നതിനുള്ള അധികാരം നൽകപ്പെട്ടിരിക്കുന്നതും ജനാധിപത്യത്തിന്റെ നീതിപൂർണ്ണമായ നിലനിൽപ്പിന് വേണ്ടിയാണ്. എന്നാൽ അവ്യക്തമായ നിയമനിർമ്മാണങ്ങൾ വ്യക്തികളുടെയോ ഒരു പ്രത്യേക കൂട്ടത്തിന്റേയോ പരിഗണനകൾ നിമയമായി മാറുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. എക്സിക്യൂട്ടീവിന് മാത്രമായി ലഭിക്കുന്ന കൂടുതലായ അധികാരം സർക്കാർ സംവിധാനങ്ങളുടെ ജനാധിപത്യപരമായ നിലനിൽപ്പിനെ തകിടം മറിക്കുകയും ചെയ്യുന്നു. യു.എ.പി.എ നിയമത്തിലൂടെ ഇതെല്ലാം ഈ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. 1967 മുതലുള്ള യു.എ.പി.എയുടെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്ന കാര്യം രാജ്യത്തെ ദലിത്-ആദിവാസി-മുസ്ലീം വിഭാഗങ്ങൾക്കെതിരെയും ഈ പ്രശ്നങ്ങളിൽ ഇടപെടുന്ന മനുഷ്യാവകാശ പ്രവർത്തകർക്കെതിരെയുമാണ് യു.എ.പി.എ കൂടുതലായും ചുമത്തിയിട്ടുള്ളത് എന്നാണ്.

## യു.എ.പി.എ ശക്തിപ്പെടുന്നു

ബഹുഭൂരിപക്ഷം യു.എ.പി.എ കേസുകളിലും കുറ്റാരോപിതരെ വിചാരണയ്ക്ക് ശേഷം കോടതി നിരപരാധികളെന്ന് വിധിക്കുകയാണ് ചെയ്തിട്ടുള്ളത്. രാഷ്ട്രീയ പ്രതിയോഗികളെ അകാരണമായി തടവിൽ വച്ച് പീഡിപ്പിക്കുന്നതിന് ഈ നിയമം ഭരണകൂടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്നതിന് തെളിവാണിത്. 2014, 2015, 2016 വർഷങ്ങളിലെ യു.എ.പി.എ കേസുകളുടെ കണക്ക് പരിശോധിച്ചാൽ 75 ശതമാനം കേസുകളിലും കുറ്റാരോപിതർ നിരപരാധികളായിരുന്നു എന്നാണ് പിന്നീട് തെളിയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇത്തരം കേസുകളിൽ പ്രോസിക്യൂഷൻ വിചാരണ വൈകിപ്പിക്കുകയും പലപ്പോഴും ശിക്ഷാകാലാവധിയേക്കാൾ കൂടുതൽ കാലം വിചാരണാതടവുകാരായി കുറ്റാരോപിതർക്ക് ജയിലിൽ കഴിയേണ്ടിവരുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അടുത്തിടെയുള്ള കണക്കുകൾ പ്രകാരം 3,548 യു.എ.പി.എ കേസുകളിൽ വിചാരണ പൂർത്തിയാക്കാത്ത കേസുകളുടെ എണ്ണം 89.6 ശതമാനമാണ്. യു.എ.പി.എക്ക് സമാനമായി 1985 മുതൽ 1995 വരെ നിലവിലുണ്ടായിരുന്ന ടാഡാ നിയമപ്രകാരം 76,036 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നതിൽ കേവലം 400 പേർ മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. പീപ്പിൾസ് യൂണിയൻ ഓഫ് സിവിൽ ലിബർട്ടീസിന്റെ

ഛത്തീസ്ഗഢ് ജനറൽ സെക്രട്ടറിയായിരുന്ന ബിനായക് സെന്നിനെ, ഛത്തീസ്ഗഢ് പബ്ലിക് സെക്യൂരിറ്റി ആക്ടും യു.എ.പി.എയും ചുമത്തി 2 വർഷത്തോളമാണ് ജയിലിൽ അടച്ചത്. 2007 മാർച്ചിൽ ഛത്തീസ്ഗഢിലെ സന്തോഷ് പൂർ ഗ്രാമത്തിൽ വച്ച് മാവോയിസ്റ്റുകളെന്ന് മുദ്രചാർത്തി പോലീസ് വെടിവച്ചു കൊന്ന നിരായുധരായ ആദിവാസികളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പുറത്തുകൊണ്ടുവന്നതിലുള്ള പ്രതികാര നടപടിയായിട്ടാണ് ബിനായക് സെന്നിനെതിരെ യു.എ.പി.എ ചുമത്തിയത് എന്നാണ് പിന്നീട് വ്യക്തമായത്. സി.പി.ഐ (മാവോയിസ്റ്റ്) എന്ന സംഘടനയുടെ നേതാവ് നാരായൺ സന്യാലിന്റെ ഒരു കത്ത് കൈവശം വച്ചിരുന്നു എന്നതു മാത്രമായിരുന്നു ബിനായക് സെന്നിനെതിരായ തെളിവ്. കോടതി പിന്നീട് അദ്ദേഹം നിരപരാധിയാണെന്ന് കണ്ടെത്തി വെറുതെവിട്ടു.

യു.എ.പി.എ നിയമത്തിന്റെ മറ്റൊരു ഇരയായിരുന്നു ദില്ലി യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനായ ജി.എൻ. സായ്ബാബ. രാജ്യത്തിനെതിരായി യുദ്ധത്തിന് ആഹ്വാനം ചെയ്തു, നിരോധിത സംഘടനയായ സി.പി.ഐ (മാവോയിസ്റ്റ്) ആശയധാരയെ പിന്തുണച്ചു എന്നീ കുറ്റങ്ങളാണ് പ്രോസിക്യൂഷൻ അദ്ദേഹത്തിനെതിരെ ആരോപിച്ചത്. ഒരു ആശയധാരയെ പിന്തുണയ്ക്കുന്നത് കുറ്റകരമല്ലെന്ന വിധി നിലനിൽക്കെയാണ് സായിബാബ ഇപ്പോഴും തടവറയിൽ കഴിയുന്നത്. 90 ശതമാനം അംഗപരിമിതികളുള്ള ഒരു വ്യക്തിയായിട്ടും അദ്ദേഹത്തിന് ജാമ്യം പോലും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. വീൽചെയറിന്റെ സഹായത്തോടെ കഴിയുന്ന സായ്ബാബയ്ക്ക് ജയിലിൽ നൽകേണ്ട പ്രത്യേക സൗകര്യങ്ങൾ പോലും അധികൃതർ നിഷേധിക്കുകയാണെന്ന് മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

സുധീർ ധാവ്ല എന്ന സാമൂഹ്യപ്രവർത്തകൻ 2014ൽ നാഗ്പൂർ സെൻട്രൽ ജയിലിൽ നിന്നും മോചിതനാകുമ്പോൾ അദ്ദേഹത്തിനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങളൊന്നും തെളിയിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. എന്നിട്ടും 14 മാസമാണ് അദ്ദേഹത്തിന് തടവറയിൽ കഴിയേണ്ടി വന്നത്. ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് യു.എ.പി.എ ചുമത്തുമ്പോൾ അംബേദ്കർ, മാർക്സ്, ലെനിൻ, അരുന്ധതി റോയ് എന്നിവരുടെ പുസ്തകങ്ങളാണ് പോലീസ് തെളിവുകളായി കണ്ടെടുത്തത്. ചിന്തിക്കാനുള്ള സ്വാതന്ത്ര്യം ഈ നിയമപ്രകാരം എത്രമാത്രം ചുരുങ്ങിക്കൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ് ഈ സംഭവം. 2018 ജൂൺ 6ന് ഭീമ കൊറേഗാവ് കേസുമായി ബന്ധപ്പെട്ട് അദ്ദേഹം വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും യു.എ.പി.എ ചുമത്തി ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു. യു.എ.പി.എ നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെടുന്നവർ നേരിടേണ്ടിവരുന്ന മനുഷ്യാവകാശലംഘനങ്ങളും നിരവധിയാണ്. ഛത്തീസ്ഗഢിൽ തന്നെ യു.എ.പി.എ പ്രകാരം അറസ്റ്റു ചെയ്യപ്പെടുകയും പിന്നീട് തെളിവുകളില്ലാത്തതിനാൽ വെറുതെ വിടുകയും ചെയ്ത സോണി സോറി യോനിയിലും മലദ്വാരത്തിലും കല്ലുകൾ തിരുകികയറ്റി പോലീസ് പീഡിപ്പിച്ചതിനെക്കുറിച്ച് പിന്നീട് വെളിപ്പെടുത്തുകയുണ്ടായല്ലോ.

യു.എ.പി.എ ഭേദഗതികളോടെ കടന്നുവരുന്നതിന് മുമ്പുതന്നെ രാജ്യവിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ സംഘടനകളെ നിരോധിക്കുന്ന രീതി സർക്കാർ അവലംബിച്ചു തുടങ്ങിയിരുന്നു. 2001 സെപ്തംബർ 27ന് ആണ് സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (സിമി) നിരോധിക്കപ്പെടുന്നത്. 1977 മുതൽ ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്ന സിമിയിലെ അംഗങ്ങളുടെ പേരിൽ അത് നിരോധിക്കപ്പെടുന്നതു വരെയും ഭീകരപ്രവർത്തനങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്നതോ മതസ്പർദ്ധ വളർത്തുന്നതരത്തിലുള്ളതോ ആയ ഒരു കുറ്റകൃത്യവും ആരോപിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ സിമി നിരോധിക്കപ്പെട്ടതോടെ സിമിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു എന്ന പേരിൽ നിരവധി മുസ്ലീം ചെറുപ്പക്കാർ ജയിലിൽ അടയ്ക്കപ്പെട്ടു. 2013ൽ ജാമിയ ടീച്ചേഴ്സ് സോളിഡാരിറ്റി അസോസിയേഷൻ മധ്യപ്രദേശിലെ യു.എ.പി.എ കേസുകളിൽ നടത്തിയ പഠനത്തിൽ ഇതുമായി ബന്ധപ്പെട്ട് ചുമത്തിയ എല്ലാ എഫ്.ഐ. ആറുകളും സമാനമാണെന്ന് തെളിയിക്കപ്പെടുകയുണ്ടായി. സിമിയുടെ പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ കൈവശം വച്ചു എന്നതാണ് ഭൂരിഭാഗം കേസുകളിലും കുറ്റകൃത്യമായി വിവരിച്ചിരിക്കുന്നത്. സിമി അനുകൂല മുദ്രാവാക്യം വിളിച്ചു എന്ന പേരിലും നിരവധി പേർക്ക് ജയിലിൽ കഴിയേണ്ടി വന്നിട്ടുണ്ട്. മഹാരാഷ്ട്രയിലെ മലേഗാവിൽ 2006ൽ 31 പേരുടെ മരണത്തിനിടയാക്കിയ ബോംബ് സ്ഫോടനത്തിൽ മഹാരാഷ്ട്ര ഭീകരവിരുദ്ധ സേന ഒമ്പത് പേരെയാണ് സിമി പ്രവർത്തകർ എന്ന് ആരോപിച്ച് അറസ്റ്റ് ചെയ്തത്. അഞ്ച് വർഷം ഇവർക്ക് വിചാരണ തടവുകാരായി ജയിലിൽ കഴിയേണ്ടി വന്നു. സംഝോത എക്സ്പ്രസ് സ്ഫോടന കേസിൽ കുറ്റാരോപിതനായ സ്വാമി അസീമാനന്ദ, അഭിനവ് ഭാരത് എന്ന സംഘടനയാണ് മലേഗാവ് സ്ഫോടനത്തിന് പിന്നിലെന്നും മൊഴി കൊടുത്തതിന് ശേഷമാണ് ഇവർക്ക് പുറംലോകം കാണാൻ കഴിഞ്ഞത്. മുസ്ലീം സംഘടനകളുടെ പേരിൽ ആരോപിക്കപ്പെട്ട ഇന്ത്യയിൽ നടക്കുന്ന പല ഭീകരാക്രമണ കേസുകളിലും ചില ഹൈന്ദവ സംഘടനകൾക്ക് പങ്കുണ്ട് എന്ന് വ്യക്തമാക്കുന്ന തെളിവുകളായിരുന്നു സ്വാമി അസീമാനന്ദയുടെ വെളിപ്പെടുത്തലുകൾ. യു.എ.പി.എ നിയമം രാഷ്ട്രീയ താത്പര്യങ്ങൾക്കായി എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്നതിന് അടിവരയിടുന്നു ഈ കേസുകൾ. മലേഗാവ്, അജ്മീർ ദർഗ സ്ഫോടനം, സംഝോത എക്സ്പ്രസ് സ്ഫോടനം, മെക്ക മസ്ജിദ് സ്ഫോടനം എന്നീ കേസുകളിലെല്ലാം കുറ്റാരോപിതരായ ഹൈന്ദവ സംഘടനാ പ്രവർത്തകരെ

ബി.ജെ.പി അധികാരത്തിലെത്തിയ ശേഷം കുറ്റവിമുക്തരാക്കുകയുണ്ടായി. ചില കേസുകളിൽ ബോധപൂർവ്വമായ പിഴവുകൾ പ്രോസിക്യൂഷൻ വരുത്തിയതായും തെളിവുകൾ പുറത്തുവരുകയുണ്ടായി. ഗഡ്ചിറോളി, ഗുർഗോൺ കേസുകളിൽ ജി.എൻ. സായ്ബാബ അടക്കം 11 പേർക്കെതിരെ ജീവപര്യന്തം തടവ് ശിക്ഷി വിധിച്ച അതേ എൻ.ഐ.എ കോടതിയാണ് അജ്മീർ ദർഗ്ഗ കേസിൽ സ്വാമി അസീമാനന്ദയെ വെറുതെ വിടുന്നത്. അസീമാനന്ദ, താൻ ആർ.എസ്.എസ് ചീഫ് മോഹൻ ഭഗവ്തിന് വേണ്ടിയാണ് ഈ സ്ഫോടനങ്ങൾ നടത്തിയത് എന്ന് തുറന്നു സമ്മതിച്ചതിന്റെ തെളിവുകൾ ഇപ്പോഴും കാരവൻ എന്ന മാഗസിന്റെ ഓഫീസിൽ അന്വേഷണ ഏജൻസികൾക്കൊന്നും വേണ്ടാതെ പൊടിപിടിച്ചിരിക്കുന്നുണ്ട്.

## ദലിത് ഉണർവുകൾ തകർക്കപ്പെടുന്നു

യു.എ.പി.എ നിയമം ഇന്ത്യയിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായുണ്ടായ ദലിത് മുന്നേറ്റങ്ങളെ തച്ചുടയ്ക്കുന്നതിനായി പ്രയോഗിക്കപ്പെടുന്നതിന്റെ സമകാലിക ഉദാഹരണമാണ് ഭീമ കൊറേഗോവ് കേസ്. മഹാരാഷ്ട്രയിലെ മഹർ എന്ന ദലിത് വിഭാഗത്തിന്റെ ആത്മാഭിമാനത്തിന്റെ പ്രതീകമാണ് പൂണെ നഗരത്തിനടുത്തുള്ള കൊറേഗോവ് എന്ന സ്ഥലത്തെ വിജയസ്തംഭം. 1818ലെ ആംഗ്ലോ-മറാത്ത യുദ്ധത്തിൽ പേഷ്വാ ബാജിറാവുവിനെതിരെ മഹർ റെജിമെന്റിന്റെ നേതൃത്വത്തിൽ ബ്രിട്ടൺ നേടിയ വിജയത്തിന്റെ സ്മാരകം ആണത്. ജാതിവ്യവസ്ഥയുടെ സംരക്ഷകരായിരുന്ന പേഷ്വ ഭരണകൂടത്തിനെതിരെ നേടിയ ഈ വിജയം കൊളോണിയൽ കാലഘട്ടത്തിൽ നടന്ന വളരെ പ്രധാനപ്പെട്ട ഒരു ജാതിവിരുദ്ധ പോരാട്ടമായാണ് പരിഗണിക്കപ്പെടുന്നത്. 1927ൽ ഡോ. ബി.ആർ. അംബേദ്കർ ഈ സ്ഥലം സന്ദർശിച്ചിരുന്നു. അതിന് ശേഷം എല്ലാ വർഷവും ജനുവരി ഒന്നിന് ഭീമ കൊറേഗോവ് അനുസ്മരണം വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടക്കാറുണ്ട്. 2018ൽ ഇരുന്നൂറാം വാർഷികാഘോഷം നടക്കുന്നതിനിടയിൽ കാവിക്കൊടിയേന്തി ഒരു കൂട്ടം സംഘപരിവാർ ഗുണ്ടകൾ അനുസ്മരണത്തിന് നേരെ അക്രമം അഴിച്ചുവിട്ടു. 40 ഓളം ബസുകൾ നശിപ്പിച്ചെന്നും 300 ഓളം പേർക്ക് പരിക്കേറ്റെന്നും പരിപാടിയുടെ സംഘാടകനും ഭാരതീയ ബഹുജൻ മഹാസംഘ് ഭാരവാഹിയുമായ പ്രകാശ് അംബേദ്കർ വ്യക്തമാക്കുകയുണ്ടായി. ഇതിനെ തുടർന്ന് തൊട്ടടുത്ത ദിവസം വിവിധ ദലിത് സംഘടനകൾ സംസ്ഥാന വ്യാപകമായി ബന്ദിന് ആഹ്വാനം ചെയ്യുകയുണ്ടായി. ഇതും ചിലയിടങ്ങളിൽ സംഘർഷത്തിൽ കലാശിച്ചു.

ഭീമ കൊറേഗാവ് അനുസ്മരണ വേദിയിൽ അക്രമം നടത്തിയത് സംബാജി ബിഡെയുടെ നേതൃത്വത്തിലുള്ള ശ്രീ ശിവപ്രതിഷ്ഠ എന്ന സംഘടനയും മിലിന്ദ് എക്ബുടെയുടെ 'ഹിന്ദു ഏക്താ മഞ്ചു'മാണെന്നതിന് പ്രകാശ് അംബേദ്കർ തെളിവുകൾ ഹാജരാക്കുന്നുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് മഹാരാഷ്ട്ര മുഖ്യമന്ത്രിക്ക് അദ്ദേഹം പരാതി നൽകുകയും ചെയ്തിരുന്നു. അക്രമങ്ങൾ നടന്ന് പിറ്റേ ദിവസം തന്നെ സംബാജി ബിഡെയ്ക്കെതിരെ എസ്.സി എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരം പോലീസ് കേസെടുത്തിരുന്നു. എന്നാൽ ഇദ്ദേഹത്തിന് സംഭവത്തിൽ പങ്കില്ല എന്നാണ് മഹാരാഷ്ട്ര സർക്കാർ പിന്നീട് പറയുന്നത്. ഭീമ കൊറേഗാവ് സംഭവത്തിന് മുമ്പ് തന്നെ ബിഡെയുടെ സംഘടനയ്ക്കെതിരായ ആറ് കേസുകൾ ആറ് മാസം മുമ്പ് ഫട്നാവിസ് സർക്കാർ പിൻവലിച്ചിരുന്നു. ജോധ അക്ബർ സിനിമയുടെ ചിത്രീകരണത്തിനും പ്രദർശനത്തിനും എതിരെ ബിഡെയുടെ സംഘടന അക്രമം നടത്തിയിരുന്നു. ഗോമാംസം കടത്തിയെന്ന് ആരോപിച്ച് നടന്ന ചില കൊലപാതകങ്ങളിലും ഈ സംഘടന കുറ്റാരോപിതരാണ്. ആദ്യകാലത്ത് ആർ.എസ്.എസ് പ്രവർത്തകനായിരുന്ന ബിഡെ 1980കളിലാണ് സ്വന്തമായി സംഘടന രൂപീകരിക്കുന്നത്. 2004ലെ തെരഞ്ഞെടുപ്പിന് മുമ്പ് നരേന്ദ്ര മോദി ബിഡെയെ സന്ദർശിച്ചിട്ടുമുണ്ട്. ശിവസേന നേതാക്കളുമായും ബിഡെ ഉന്നത ബന്ധം പുലർത്തിവരുന്നു. ഹിന്ദു ഏക്താ മഞ്ചിന്റെ നേതാവായ മിലിന്ദ് എക്ബുടെയ്ക്കെതിരെ ഗൂഢാലോചനയ്ക്കും കലാപശ്രമത്തിനും കേസെടുക്കാൻ കഴിയുന്ന തെളിവുകൾ ഉണ്ടെന്ന് പൂണെ പോലീസ് ആദ്യം പറഞ്ഞിരുന്നെങ്കിലും അന്വേഷണത്തിന്റെ പുരോഗതിയിൽ അതുണ്ടായില്ല.

ഭീമ കൊറേഗാവിൽ നടന്ന അക്രമങ്ങൾക്ക് കാരണം എൽഗാർ പരിഷത്ത് എന്ന കൂട്ടായ്മ 2017 ഡിസംബർ 31ന് നടത്തിയ ഭീമ കൊറേഗാവ് അനുസ്മരണ പരിപാടിയാണ് എന്നതാണ് പിന്നീട് പോലീസ് എത്തിച്ചേർന്ന നിഗമനം. 200 സംഘടനകളുടെ ഒരു കൂട്ടായ്മയാണ് പൂണെയിലെ ശനിവാർ വാഡയിൽ ഈ പരിപാടി സംഘടിപ്പിച്ചത്. സുപ്രീം കോടതി മുൻ ജഡ്ജിയായ ജസ്റ്റിസ് സാവന്ത് ആയിരുന്നു ഈ പരിപാടിയുടെ മുഖ്യ സംഘാടകൻ. രാജ്യത്തെ നിരവധി ദലിത്, ആദിവാസി നേതൃത്വങ്ങളും മനുഷ്യാവകാശ പ്രവർത്തകരും പങ്കെടുത്ത ഈ പരിപാടിയുടെ പേരിൽ നിരവധി പേരെയാണ് പോലീസ് പിന്നീട് അറസ്റ്റ് ചെയ്തത്. 2018 ജൂണിൽ ആണ് സുധീർ ധാവ്‌ലെ, റോണ വിൽസൺ, ഷോമ സെൻ, മഹേഷ് റൗത്ത്, സുരേന്ദ്ര ഗാഡ്‌ലിംഗ് എന്നിവർ ഈ കേസുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അറസ്റ്റിലാകുന്നത്. സുരേന്ദ്ര ഗാഡ്‌ലിംഗ് മനുഷ്യാവകാശ പ്രവർത്തകനും മാവോയിസ്റ്റ് ബന്ധം ആരോപിക്കപ്പെട്ട് ജയിലിൽ കഴിയുന്ന രാഷ്ട്രീയ തടവുകാർക്ക് വേണ്ടി ഹാജരാകുന്ന അഭിഭാഷകനും ആയിരുന്നു. 'റിപ്പബ്ലിക്കൻ പാന്തേഴ്സ്' എന്ന ദലിത് സംഘടനയുടെ സ്ഥാപകനും എഴുത്തുകാരനുമാണ് സുധീർ ധാവ്‌ലെ. ആദിവാസി മേഖലകളിൽ നടക്കുന്ന പുറന്തള്ളൽ വികസനത്തിനെതിരെയും ഖനന പ്രവർത്തനങ്ങൾക്കെതിരെയും സമര

പരിപാടികൾക്ക് നേതൃത്വം നൽകിയിരുന്ന ഗഡ്ചിറോളിയിലെ ആദിവാസി നേതാവായിരുന്നു മഹേഷ് റൗത്ത്. കമ്മിറ്റി ഫോർ പ്രൊട്ടക്ഷൻ ഓഫ് ഡെമോക്രാറ്റിക് റൈറ്റ് എന്ന സംഘടനയുടെ അംഗവും നാഗ്പൂർ യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറുമാണ് ഷോമ സെൻ. റോണ വിൽസൺ രാഷ്ട്രീയ തടവുകാരുടെ അവകാശങ്ങൾക്ക് വേണ്ടി മഹാരാഷ്ട്ര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മലയാളിയായ സാമൂഹ്യപ്രവർത്തകനാണ്. 2018 ആഗസ്റ്റ് മാസം ഈ സംഭവവുമായി ബന്ധപ്പെട്ട് വീണ്ടും അറസ്റ്റുകളുണ്ടായി. സുധ ഭരദ്വാജ്, വെർനോൺ ഗോൺസാൽവസ്, വരവര റാവു, അരുൺ ഫെറാരിയ എന്നിവരാണ് യു.എ.പി.എ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടത്. ഏറ്റവും ഒടുവിൽ ഇതേ കേസിൽ ഈ ലോക്ഡൗൺ കാലത്ത് ആനന്ദ് തെൽതുംതെയും ഗൗതം നവ്‌ലാഖയും യു.എ.പി.എ ചുമത്തി അറസ്റ്റു ചെയ്യപ്പെടുകയുണ്ടായി. യാതൊരുതരത്തിലുള്ള ക്രിമിനൽ പ്രവർത്തനങ്ങളിലും ഏർപ്പെടാത്തവരാണ് ഈ അറസ്റ്റു ചെയ്യപ്പെട്ടവരെല്ലാം. മാവോയിസ്റ്റ് സംഘടനകളുമായി ബന്ധമുണ്ട് എന്നാരോപിച്ചാണ് ഇവർക്കെതിരെ യു.എ.പി.എ ചുമത്തിയിരിക്കുന്നത്. മിക്ക യു.എ.പി.എ കേസുകളിലും എന്ന പോലെ മാവോയിസ്റ്റ് സാഹിത്യം കൈവശം വയ്ക്കുക, മാവോയിസ്റ്റ് നേതാക്കളുമായി ബന്ധപ്പെടുക തുടങ്ങിയ കുറ്റങ്ങളാണ് പോലീസ് ഇവർക്കെതിരെ ആരോപിച്ചിരിക്കുന്നത്. എൻ.ഐ.എ ആക്ടിന്റെ ഭേദഗതിയിലൂടെ എൻ.ഐ.എയെയുടെ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് വന്നിരിക്കുന്ന അറസ്റ്റിനും സെർച്ചിനും കണ്ടുകെട്ടുന്നതിനുമുള്ള അധികാരം ഈ കേസിൽ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടതായി കാണാം. പ്രതിചേർക്കപ്പെട്ടവരോ അവരുടെ അഭിഭാഷകരോ ഇല്ലാതെയാണ് എൻ.ഐ.എ മിക്ക റെയ്ഡുകളും നടത്തിയിരിക്കുന്നത്. ഇതിനിടയിൽ, അറസ്റ്റിലായവർ ഉയർന്ന ഭരണഘടനാ പദവിയിൽ ഇരിക്കുന്നവരെ വധിക്കാനും ഭരണകൂടത്തെ അട്ടിമറിക്കുന്നതിനും ശ്രമിച്ചു എന്ന് കാണിക്കുന്ന വ്യാജമായ തെളിവുകൾ 'ചില' മാദ്ധ്യമ പ്രവർത്തകർക്ക് മാത്രമായി പോലീസ് ചോർത്തികൊടുത്തത് പോലീസിന്റെ സംഘപരിവാർ താത്പര്യത്തെയാണ് തുറന്നുകാണിക്കുന്നത്. കേസ് രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനുള്ളിൽ 62 ഹിയറിംഗുകൾ നടന്നു. എന്നാൽ ഇതുവരെയും ആദ്യം അറസ്റ്റിലായ പത്ത് പേർക്കും ജാമ്യം ലഭിച്ചിട്ടില്ല. 2018 ജൂണിൽ നടന്ന ആദ്യ അറസ്റ്റിൽ അഞ്ച് മാസങ്ങൾക്ക് ശേഷമാണ് കുറ്റപത്രം സമർപ്പിക്കുന്നത്. 40 ഹിയറിംഗുകൾക്കും സുരക്ഷാ കാരണങ്ങൾ ഉന്നയിച്ച് പോലീസ് ഇവരെ കോടതിയിൽ ഹാജരാക്കിയില്ല. സുരേന്ദ്ര ഗാഡ്‌ലിംഗും അരുൺ ഫെരാറിയും അഭിഭാഷകർ ആയതിനാൽ ഇവർ സ്വയം ആണ് കേസ് വാദിക്കുന്നത്. എന്നാൽ ഹിയറിംഗ് സമയത്ത് കോടതിയിൽ ഹാജരാക്കാത്തതിനാൽ ഇവർക്ക് തങ്ങളുടെ വാദം കോടതി മുമ്പാകെ അവതരിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പ്രതികളെ ഹാജരാക്കുന്നതിലെ വീഴ്ച ചൂണ്ടിക്കാണിച്ച് വിചാരണാ കോടതി ജയിൽ അതോറിറ്റിക്കെതിരെ വാറണ്ട് പുറപ്പെടുവിക്കുകയാണ് ഒടുവിൽ ചെയ്തത്. തങ്ങളുടെ കേസുമായി ബന്ധപ്പെട്ട നിയമപുസ്തകങ്ങൾ ജയിലിൽ ലഭ്യമാക്കുന്നതിന് ഇവർക്ക് മറ്റൊരു നിയമപോരാട്ടം തന്നെ നടത്തേണ്ടി വന്നു. ഹിയറിംഗിന്റെ അവസാന ഘട്ടത്തിൽ അതുവരെ കേസ് കേട്ടിരുന്ന ജസ്റ്റിസ് കിഷോർ വദനയെ സ്ഥലം മാറ്റിയും വിചാരണ വൈകിപ്പിക്കാൻ സർക്കാർ ശ്രമിച്ചു.

ഭീമ കൊറേഗാവ് അനുസ്മരണത്തിന്റെ ഭാഗമായി എൽഗാർ പരിഷത്ത് നടത്തിയ പരിപാടിയിൽ പ്രകോപനപരമായ പ്രസംഗങ്ങളുണ്ടായിരുന്നു എന്നും ഇതാണ് പിന്നീട് ഇരുവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷത്തിലേക്ക് നയിച്ചത് എന്നുമായിരുന്നു പോലീസ് ഭാഷ്യം. എന്നാൽ ഇത്തരത്തിൽ പ്രകോപനപരമായ പ്രസംഗങ്ങൾ സംബന്ധിച്ച് വീഡിയോ തെളിവുകളൊന്നും ഇതുവരെയും പോലീസ് പുറത്തുവിട്ടിട്ടില്ല. പൊതുസ്ഥലത്ത് വളരെ പരസ്യമായി നടന്ന, മാദ്ധ്യമങ്ങളിലൂടെ സംപ്രേക്ഷണം ചെയ്യപ്പെട്ട പരിപാടിയായിരുന്നു ഇത്. എന്നിട്ടും പോലീസിന് അവരുടെ ആരോപണങ്ങൾ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ഭീമ കൊറേഗാവിൽ നടന്ന അക്രമ സംഭവങ്ങളെ എൽഗാർ പരിഷത്തുമായി ബന്ധിപ്പപ്പിക്കാൻ ഒരു തെളിവും ഇല്ലാതെയാണ് പോലീസ് ഇത്രയധികം പേരെ അറസ്റ്റു ചെയ്തതും യു.എ.പി.എ ചുമത്തിയതും എന്ന് ചുരുക്കം. നഗര നക്സലുകൾ എന്ന പേരിൽ ഇവരെ വിളിക്കുന്നുണ്ടെങ്കിലും അതിനും വ്യക്തമായ തെളിവുകൾ പുറത്തുകൊണ്ടുവരാൻ പോലീസിന് കഴിഞ്ഞിട്ടില്ല. ചില കത്തുകൾ പിടിച്ചെടുത്തു എന്നും അത് സി.പി.ഐ മാവോയിസ്റ്റ് നേതാവ് ഗണപതി എഴുതിയതാണ് എന്നുമാണ് പോലീസ് ഇപ്പോൾ പറയുന്ന വാദം. വ്യക്തതകളില്ലാത്ത വാദങ്ങൾ ഉന്നയിച്ച് ഈ എഴുത്തുകാരെയും ആക്ടിവിസ്റ്റുകളെയും ദീർഘകാലത്തേക്ക് തടവറയ്ക്കുള്ളിൽ ഇടാനുള്ള ശ്രമമാണ് പോലീസ് നടത്തുന്നത്. ഇതിനെല്ലാം കൂട്ടായി യു.എ.പി.എ എന്ന മർദ്ദക നിയമവും. തെളിവുകളുടെ അഭാവത്തിന്റെ വിഷയം ആനന്ദ് തെൽതുംതെ ജയിലിലേക്ക് പോകുന്നതിന് മുന്നോടിയായി രാജ്യത്തെ ജനങ്ങൾക്കായി എഴുതിയ ഹൃദയഭേദകമായ കത്തിൽ വിവരിക്കുന്നുണ്ട്.

## കോവിഡിന് നടുവിലും...

രാജ്യത്തെ മുസ്ലീങ്ങളെ പൗരത്വ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനായി കൊണ്ടുവന്ന പൗരത്വബില്ലിനെതിരായി നടന്ന പ്രക്ഷോഭങ്ങളെ നേരിടുന്നതിനായാണ് യു.എ.പി.എ ഇപ്പോൾ വ്യാപകമായി പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. പൗരത്വ നിയമത്തിനെതിരായി രാജ്യവ്യാപകമായി പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് കോവിഡ് 19




വ്യാപിക്കുന്നതും രാജ്യം സമ്പൂർണ്ണ ലോക്ഡൗണിലേക്ക് പോകുന്നതും. ഈ അവസരം മുതലെടുക്കുന്ന തരത്തിലാണ് പോലീസ്, പൗരത്വ നിയമത്തിനെതിരായ സമരങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ദില്ലിയിലെ വിവിധ സർവ്വകലാശാലകളിലെ വിദ്യാർത്ഥികളെയും ആക്ടിവിസ്റ്റുകളെയും യു.എ.പി.എ ചുമത്തി അറസ്റ്റ് ചെയ്യാൻ തുടങ്ങിയത്. കേന്ദ്ര സർക്കാരിന് കീഴിലുള്ള ദില്ലി പോലീസ് ഏഴ് പേരെയാണ് ലോക്ഡൗൺ കാലത്ത് യു.എ.പി.എ ചുമത്തി അറസ്റ്റ് ചെയ്തത്. കൂടാതെ ജമ്മു കശ്മീരിലും ആസാമിലും ഉത്തരപ്രദേശിലുമെല്ലാം സമാനമായ രീതിയിലുള്ള അറസ്റ്റുകൾ നടന്നു. ദില്ലിയിൽ യു.എ.പി.എ ചുമത്തി അറസ്റ്റു ചെയ്തവരെല്ലാം വടക്കു കിഴക്കൻ ദില്ലിയിൽ നടന്ന വർഗ്ഗീയ കലാപത്തിൽ പങ്കുള്ളവരാണ് എന്ന വാദമാണ് പോലീസ് മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ ജാമിയയിൽ നടന്ന അക്രമങ്ങളും വടക്കു കിഴക്കൻ ദില്ലിയിൽ നടന്ന കലാപങ്ങളും പോലീസിന്റെ ഒത്താശയോടെ സംഘപരിവാർ ശക്തികൾ നടത്തിയ സംഭവങ്ങളാണ് എന്നതിന് വ്യക്തമായ തെളിവുണ്ടായിട്ടും നട്ടാൽ കുരുക്കാത്ത നുണ പറഞ്ഞുകൊണ്ട് ലോക്ഡൗൺ കാലത്തെ മുതലെടുക്കുന്നതിനുള്ള ശ്രമമാണ് പോലീസ് നടത്തുന്നത്. മുസ്ലീങ്ങൾ വ്യാപകമായി ആക്രമിക്കപ്പെട്ട ദില്ലി കലാപത്തിന് പിന്നിൽ പ്രവർത്തിച്ചതിന് വ്യക്തമായ തെളിവുണ്ടായിട്ടും അനുരാഗ് താക്കൂർ, കപിൽ മിശ്ര എന്നിവർക്കെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. ദില്ലിയിൽ നടന്ന കലാപത്തിൽ പോലീസ് സംവിധാനങ്ങൾ എങ്ങനെയാണ് സംഘപരിവാർ കലാപകാരികൾക്കനുകൂലമായി പ്രവർത്തിച്ചതെന്ന്, ബ്രൗൺ യൂണിവേഴ്സിറ്റി പ്രൊഫസറും 'എത്നിക് കോൺഫ്ളിക്ട് ആന്റ് സിവിൽ ലൈഫ്: ഹിന്ദു ആന്റ് മുസ്ലീം ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ അശുതോഷ് വർഷ്നി വ്യക്തമാക്കുന്നുണ്ട്. സംഘടനത്തിന്റെ രണ്ടാം ദിവസം മുതൽ പോലീസിന്റെ പക്ഷപാതിത്വപരമായ നിലപാട് പ്രകടമായിരുന്നു എന്ന് അദ്ദേഹം ഒരു പ്രസിദ്ധീകരണത്തിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കുന്നു. മുസ്ലീം പള്ളികളും വീടുകളും ആക്രമിക്കപ്പെട്ടപ്പോൾ പോലീസ് സഹായിക്കാൻ സന്നദ്ധമേ ആയിരുന്നില്ല. ഈ ദിവസം വടക്ക് കിഴക്കൻ ദില്ലിയിലെ പോലീസ് സ്റ്റേഷനുകളിലേക്ക് വന്ന ഫോൺ കോളുകളിൽ അധികവും മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ നിന്നും വന്ന സഹായം അഭ്യർത്ഥിച്ചുള്ള വിളികളായിരുന്നു. ഹിന്ദു അക്രമകാരികൾ അടിച്ചുവീഴ്ത്തിയ മുസ്ലീം യുവാവിനോട് പോലീസ് ദേശീയ ഗാനം ആലപിക്കാൻ ആവശ്യപ്പെടുന്ന വീഡിയോ പോലും മാദ്ധ്യമങ്ങളിൽ വന്നിരുന്ന കാര്യം അശുതോഷ് വർഷ്നി ഈ അഭിമുഖത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്.

ഈ കൂട്ടക്കുരുതിക്കെല്ലാം നേതൃത്വം നൽകിയ, അമിത്ഷാ നിയന്ത്രിക്കുന്ന ദില്ലി പോലീസ് തന്നെയാണ് ലോക്ഡൗൺ കാലത്ത് കലാപത്തിനും ജാമിയയിലെ അക്രമ സംഭവങ്ങൾക്കും നേതൃത്വം നൽകി എന്ന പേരിൽ നിരവധി യുവാക്കളെ യു.എ.പി.എ ചുമത്തി അറസ്റ്റു ചെയ്തിരിക്കുന്നത്. ഏപ്രിൽ 10ന് ആണ് ദില്ലി കലാപത്തിന് ആഹ്വാനം ചെയ്തു എന്നാരോപിച്ച് ജാമിയ വിദ്യാർത്ഥിനി സഫൂറാ സർഗാറിനെയും ആർ.ജെ.ഡിയുടെ യുവജന വിഭാഗം ദില്ലി യൂണിറ്റ് പ്രസിഡന്റ് മീരാൻ ഹൈദറെയും ആദ്യം അറസ്റ്റു ചെയ്യുന്നത്. ഇരുവർക്കുമെതിരെ യു.എ.പി.എ ചുമത്തപ്പെടുകയുണ്ടായി. രാജ്യദ്രോഹം, കൊലപാതകം, കൊലപാതക ശ്രമം, വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ സംഘർഷമുണ്ടാക്കൽ എന്നീ കുറ്റങ്ങളും ഇവർക്കെതിരെ ചുമത്തപ്പെട്ടു. ജെ.എൻ.യുവിലെ വിദ്യാർത്ഥി നേതാവായ ഉമർ ഖാലിദിനെയും ഈ കേസിൽ യു.എ.പി.എ

പ്രകാരം അറസ്റ്റു ചെയ്യുകയുണ്ടായി. യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സന്ദർശനത്തിനിടയിൽ റോഡിലിറങ്ങി പ്രതിഷേധിക്കാൻ ആഹ്വാനം ചെയ്തുവെന്നും ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ അക്രമത്തിന് ഇരയാകുന്നു എന്ന് അന്താരാഷ്ട്രതലത്തിൽ പ്രചരിപ്പിക്കാൻ ശ്രമിച്ചുവെന്നും ഉമർ ഖാലിദിനെതിരായ എഫ്.ഐ.ആറിൽ പറയുന്നുണ്ട്. കുട്ടികളെയും സ്ത്രീകളെയും ഉപയോഗിച്ച് ഫെബ്രുവരി 23ന് ജഫ്രാബാദ് മെട്രോ സ്റ്റേഷന് താഴെയുള്ള റോഡ് തടഞ്ഞെന്നും എഫ്.ഐ.ആറിൽ പറയുന്നു.

ജാമിയയിലെ ബി.എ പേർഷ്യൻ വിദ്യാർത്ഥിയായ ആസിഫ് ഇഖ്ബാൽ തൻഹയെ മെയ് 16ന് ആണ് ദില്ലി പോലീസ് അറസ്റ്റ് ചെയ്യുന്നത്. ജാമിയയിലെ പ്രതിഷേധങ്ങൾക്കും വടക്കു കിഴക്കൻ ദില്ലിയിലെ കലാപങ്ങൾക്കും ഉമർ ഖാലിദിനും സഫൂറ സർഗാറിനും മീരാൻ ഹൈദറിനും ഷർജിൽ ഇമാമിനും ഒപ്പം പ്രവർത്തിച്ചു എന്നതാണ് ആസിഫിനെതിരെ യു.എ.പി.എ ചുമത്തിയതിന് കാരണമായി പോലീസ് പറയുന്നത്. ദില്ലി കലാപത്തിനിടയിൽ ചാന്ദ്ബാഗിൽ കൊല്ലപ്പെട്ട ഐ.ബി ഉദ്യോഗസ്ഥൻ അങ്കിത് ശർമ്മയുടെ മരണവുമായി ബന്ധപ്പെട്ടാണ് യു.എ.പി.എ വകുപ്പുകളോടെ ദില്ലി കോർപ്പറേഷനിലെ ആം ആദ്മി കൗൺസിലർ താഹിർ ഹുസൈനെ പോലീസ് അറസ്റ്റ് ചെയ്യുന്നത്. റിപ്പബ്ലിക് ടിവി, സീന്യൂസ്, സുദർശൻ ടിവി എന്നിവർ ഇതിന് മുമ്പ് തന്നെ താഹിർ ഹുസൈൻ കുറ്റക്കാരനാണെന്ന് പ്രചാരണം നടത്തിയിരുന്നു. എന്നാൽ താഹിർ ഹുസൈന്റെ വീട് സ്ഥിതി ചെയ്യുന്ന മുസ്ലീം ഭൂരിപക്ഷ പ്രദേശത്തെ വാഹനങ്ങളും വീടുകളുമെല്ലാം അക്രമകാരികൾ തീവച്ച് നശിപ്പിച്ചതായി ന്യൂസ് ലോൺട്രി, ദി പ്രിന്റ് എന്നീ ഡിജിറ്റൽ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കലാപകാരികൾ വീടുകൾ ആക്രമിച്ചപ്പോൾ ഏറെ നേരം കഴിഞ്ഞാണ് പോലീസ് എത്തിയതെന്നും ഇതിന് ശേഷം പോലീസിന്റെ നിർദ്ദേശ പ്രകാരം അവിടെ നിന്നും പ്രാണരക്ഷാർത്ഥം മാറിയിരുന്നു എന്നും പോലീസിന്റെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് താഹിർ ഹുസൈൻ പറയുന്നു. 2019 ഡിസംബർ 13ന് നടത്തിയ പ്രസംഗം രാജ്യദ്രോഹപരമാണെന്നും ഇതാണ് ജാമിയയിൽ അക്രമങ്ങൾക്ക് കാരണമായതെന്നും കാണിച്ചാണ് ഷർജിൽ ഇമാമിനെ അറസ്റ്റ് ചെയ്തത്. ഏപ്രിൽ മാസത്തിലാണ് ഷർജിലിനെതിരെ യു.എ.പി.എ ചുമത്തുന്നത്. ഇത് ഒരു തുടർക്കഥയായി മാറുകയായിരുന്നു പിന്നീട്. ഒടുവിൽ, പിഞ്ജ്റ തോട് എന്ന സ്ത്രീ മുന്നേറ്റ സംഘടനയുടെ രണ്ട് പ്രവർത്തകരെയും പോലീസ് അറസ്റ്റ് ചെയ്തിരിക്കുകയാണ്. മെയ് 23ന് ലോക്ഡൗണിന് നടുവിൽ തന്നെയാണ് ദേവാംഗന കലിതയും നടാഷ നർവാളും അറസ്റ്റിലാകുന്നത്. ജഫ്രാബാദ് പ്രദേശത്ത് നടന്ന സി.എ.എ വിരുദ്ധ സമരങ്ങളുമായി ബന്ധപ്പെട്ടാണ് ദില്ലി പോലീസ് സ്പെഷ്യൽ സെൽ ഇവരെ അറസ്റ്റ് ചെയ്യുന്നത്. ഈ കേസിൽ കോടതി ജാമ്യം നൽകിയതിന് പിന്നാലെ ക്രൈംബ്രാഞ്ച് മറ്റൊരു കേസിൽ ഇവരെ വീണ്ടും അറസ്റ്റ് ചെയ്തു. മെയ് 29ന് സ്പെഷ്യൽ സെൽ നടാഷ നർവാളിനെതിരെ യു.എ.പി.എ ചുമത്തുകയും 14 ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ വാങ്ങുകയും ചെയ്തു.

ഈ കേസുകളിലെല്ലാം തന്നെ പരമാവധി ദിവസം കുറ്റാരോപിതരെ കസ്റ്റഡിയിൽ വയ്ക്കുന്നതിനുള്ള ശ്രമമാണ് പോലീസ് നടത്തിയത്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായ ലോക്ഡൗണും അറസ്റ്റിലായവരുടെ കസ്റ്റഡി കാലാവധി കൂടുന്നതിന് കാരണമായി തീർന്നിട്ടുണ്ട്. പോലീസ് സി.എ.എ വിരുദ്ധ സമരക്കാർക്കെതിരെ ആദ്യം ചാർത്തിയിരുന്നത് ജാമ്യം ലഭിക്കാവുന്ന വകുപ്പുകളായിരുന്നെങ്കിലും വിചാരണ കോടതികൾ ജാമ്യം നൽകിയതിന് പിന്നാലെ പുതിയ കേസുകൾ രജിസ്റ്റർ ചെയ്യുകയാണുണ്ടായത്. പിഞ്ജ്റ തോട് പ്രവർത്തകയായ നടാഷ നർവാളിനെ മെയ് 23ന് 48/20 എന്ന എഫ്.ഐ.ആർ പ്രകാരം ജാമ്യം ലഭിക്കാവുന്ന വകുപ്പുകൾ ചേർത്താണ് അറസ്റ്റ് ചെയ്യുന്നത്. എന്നാൽ മെയ് 24ന് സെഷൻസ് കോടതി ഈ കേസിൽ ജാമ്യം നൽകിയപ്പോൾ ദില്ലി പോലീസ് ഇവർക്കെതിരെ മറ്റൊരു എഫ്.ഐ.ആർ കൂടിയുണ്ടെന്ന് കോടതി അറിയിക്കുകയാണ് ചെയ്തത്. കോടതി പോലീസിന് 15 മിനിട്ട് ഇടപെടാൻ അവസരം നൽകുകയും പുതിയ എഫ്.ഐ.ആർ പ്രകാരമുള്ള കേസിൽ പോലീസ് കസ്റ്റഡിയിൽ അവരെ വിടുകയുമാണ് ചെയ്തത്. ഇത്തരത്തിൽ അതിവേഗമുള്ള അറസ്റ്റും കസ്റ്റഡിയും നിയമസഹായം ലഭിക്കുന്നതിനുള്ള അവകാശങ്ങൾ കുറ്റാരോപിതർക്ക് നിഷേധിക്കുന്നു. കോൺഗ്രസ് മുൻ മേയറായ ഇസ്രത് ജഹാനെ ഖുറെജി ഖാസിൽ നടന്ന പ്രതിഷേധത്തിന്റെ ഭാഗമായി ഫെബ്രുവരി 26ന് ആണ് അറസ്റ്റു ചെയ്തത്. മാർച്ച് 21ന് കോടതി ഇവർക്ക് ജാമ്യം അനുവദിക്കുകയും ചെയ്തു. എന്നാൽ അന്നേ ദിവസം തന്നെ എഫ്.ഐ.ആർ 59/20 പ്രകാരം ജാമ്യമില്ലാത്ത വകുപ്പുകൾ ചേർത്ത് ഇവരെ വീണ്ടും പോലീസ് അറസ്റ്റ് ചെയ്തു. ഗുൽഷിഫ ഫാത്തിമ, സഫൂറ സർഗാർ, മീരാൻ ഹൈദർ എന്നിവരുടെ കേസുകളിലും സമാനമായ രീതിയുണ്ടായിട്ടുണ്ട്. എഫ്.ഐ.ആർ 59/20 പ്രകാരം അറസ്റ്റു ചെയ്യപ്പെട്ട ഖാലിദ് സഫിയെ മൂന്നാഴ്ചയ്ക്ക് ശേഷം വീൽ ചെയറിലാണ് കോടതിയിൽ ഹാജരാക്കിയത്. എന്നാൽ അറസ്റ്റു ചെയ്യപ്പെട്ട സമയത്ത് ഇദ്ദേഹം പൂർണ്ണ ആരോഗ്യവാനായിരുന്നു. കസ്റ്റഡിയിൽ ക്രൂരമായ മർദ്ദനം നടന്നിട്ടുണ്ടെന്നും ജയിൽ അതോറിറ്റിയിൽ വിശ്വാസമില്ലെന്നും അൽജസീറ ചാനലിന് നൽകിയ അഭിമുഖത്തിൽ ഖാലിദ് സഫിയുടെ ഭാര്യ നർഗീസ് പറയുന്നുണ്ട്.

### എഫ്.ഐ.ആർ 59/20

സി.എ.എ വിരുദ്ധ സമരത്തിന്റെ ഭാഗമായി അറസ്റ്റു ചെയ്തവർക്കെതിരെ യു.എ.പി.എ, രാജ്യ

ദ്രോഹം, കൊലപാതകം, കൊലപാതകശ്രമം തുടങ്ങിയ മാരകമായ വകുപ്പുകൾ ദില്ലി പോലീസ് ചേർത്തിരിക്കുന്നത് 59/20 എന്ന എഫ്.ഐ.ആറിൽ ആണ്. ദില്ലിയിലെ ക്രൈംബ്രാഞ്ച് പോലീസ് സ്റ്റേഷനിലാണ് ആദ്യം ഈ കേസ് രജിസ്റ്റർ ചെയ്യുന്നത്. ഒരു സബ് ഇൻസ്പെക്ടർ ഉദ്യോഗസ്ഥന് അദ്ദേഹത്തിന്റെ ചില സ്രോതസ്സുകളിൽ നിന്നും ലഭിച്ച വിവരപ്രകാരം ഫെബ്രുവരി 23, 24, 25 തീയിതികളിൽ നടന്ന കലാപം മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഗൂഢാലോചനയുടെ ഭാഗമായി നടന്നതാണെന്ന് ഈ എഫ്.ഐ. ആറിൽ പറയുന്നു. ഇതിന് പിന്നിൽ ഉമർ ഖാലിദും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ആണെന്നും എഫ്.ഐ.ആറിൽ പറയുന്നുണ്ട്. പിന്നീടാണ് സഫൂറ സർഗാർ, മീരാൻ ഹൈദർ, ഗുൽഷിഫ എന്നിവരടക്കം അറസ്റ്റു ചെയ്യപ്പെടുന്നത്. തുടർന്ന് ഈ കേസ് ദില്ലി സ്പെഷ്യൽ സെല്ലിന് കൈമാറുകയായിരുന്നു. ആദ്യം ഇല്ലാതിരുന്നിട്ടും ഏപ്രിൽ 21ന് ആണ് എഫ്.ഐ.ആറിൽ യു.എ.പി.എ വകുപ്പുകളും കൂട്ടിച്ചേർക്കപ്പെടുന്നത്.

ജാമിയ, ജഫ്രാബാദ്, ഖുറെജി ഖാസ് എന്നിവിടങ്ങളിൽ നടന്ന സമരങ്ങളിൽ പങ്കെടുത്തവരാണ് പ്രധാനമായും യു.എ.പി.എ ചുമത്തപ്പെട്ട് അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നത്. ജഫ്രാബാദ് മെട്രോ സ്റ്റേഷൻ റോഡ് തടഞ്ഞത് ആ പ്രദേശത്തെ സംഘർഷത്തിലേക്ക് നയിച്ചുവെന്നും ഇതാണ് പിന്നീട് കലാപമായി മാറിയതെന്നുമാണ് പോലീസിന്റെ വാദം. ജഫ്രാബാദിൽ ഒരു ജനാധിപത്യ രാജ്യത്ത് സാധാരണ നടക്കുന്ന സമരങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്. റോഡ്, റെയ്ൽ തടയൽ തുടങ്ങിയ ഇന്ത്യയിൽ സർവ്വസാധാരണമായി എല്ലാ രാഷ്ട്രീയ പാർട്ടികളും നടത്തുന്ന സമരത്തിൽ അവലംബിക്കുന്ന മാർഗ്ഗങ്ങൾ തന്നെയാണ് ഇവിടെയും സ്വീകരിച്ചിരുന്നത്. എന്നാൽ യു.എ.പി.എ നിമയത്തിലെ വകുപ്പുകൾ പ്രകാരം രാജ്യത്തിലെ അവശ്യ സർവ്വീസുകളായ റെയ്ൽ, റോഡ് എന്നിവ തടയുന്നത് കുറ്റകരമാണ്. ഇത് ആർക്കെതിരെയെല്ലാം പ്രയോഗിക്കാം എന്നത് പോലീസിന്റെ വിവേചനാധികാരം ആയിരിക്കും എന്നതാണ് ദില്ലിയിലെ അറസ്റ്റുകളിലൂടെ വ്യക്തമാകുന്നത്. വിദ്വേഷ പ്രസംഗങ്ങൾ നടത്തി കലാപത്തിന് ആക്കം കൂട്ടിയ ബി.ജെ.പി നേതാക്കളാരും ഇപ്പോഴും അറസ്റ്റു ചെയ്യപ്പെടാത്തത് പോലീസിന്റെ താത്പര്യങ്ങൾ എന്താണെന്ന് കൂടുതൽ വ്യക്തമാക്കുന്നു.

ലോക്ഡൗൺ നിയന്ത്രണങ്ങൾ പിൻവലിക്കപ്പെടാത്തതു കാരണം അറസ്റ്റു ചെയ്യപ്പെട്ടവരെ അവരുടെ കുടുംബാംഗങ്ങൾക്ക് പോലും സന്ദർശിക്കാൻ കഴിയാത്തതും 'വെർച്വൽ കോടതി'കളും മനുഷ്യാവകാശ ലംഘനത്തിന്റെ ആഴം കൂട്ടുകയാണ്. കോവിഡ് ഭീതി നിലനിൽക്കുന്നതിനിടയിലും 'ഏത് സാഹചര്യത്തിലും' ഇവരെ അറസ്റ്റു ചെയ്യണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പോലീസിന് നിർദ്ദേശം നൽകിയതിന്റെ തെളിവുകൾ അൽജസീറ പുറത്തുവിടുകയുണ്ടായി. മെയ് 6ന് യു.എന്നിന്റെ പ്രത്യേക സംഘം യു.എ.പി.എ നിയമത്തിന്റെ വിവേചനപരമായ പ്രയോഗത്തിനും മനുഷ്യാവകാശ ലംഘനങ്ങൾക്കുമെതിരെ കേന്ദ്ര സർക്കാരിന് കത്തയച്ചിരുന്നു. എന്നാൽ ഇത്തരം അന്താരാഷ്ട്ര ഇടപെടലുകളെയെല്ലാം സർക്കാർ പൂർണ്ണമായും കണ്ടില്ലെന്ന് നടിക്കുകയാണ്.

ലോക്ഡൗണിനിടയിൽ മറ്റൊരു യു.എ.പി.എ അറസ്റ്റുണ്ടായത് കശ്മീരിലാണ്. സമൂഹ മാധ്യമങ്ങളിൽ രാജ്യവിരുദ്ധമായ ഉള്ളടക്കം പോസ്റ്റ് ചെയ്തു എന്ന പേരിൽ ഫോട്ടോ ജേർണലിസ്റ്റ് മസ്റത്ത് സഹ്റയെയാണ് യു.എ.പി.എ ചുമത്തി കശ്മീർ പോലീസ് അറസ്റ്റ് ചെയ്തത്. വാഷിംഗ്ടൺ പോസ്റ്റ്, അൽജസീറ, കാരവൻ തുടങ്ങിയ മാധ്യമങ്ങളിലെല്ലാം ഫോട്ടോ പ്രസിദ്ധീകരിക്കുകയും നിരവധി എക്സിബിഷനുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുള്ള ഒരു ഫോട്ടോ ജേർണലിസ്റ്റാണ് മസ്റത്ത് സഹ്റ.

## അലനും താഹയും

ഈ രീതിയിൽ യു.എ.പി.എ എന്ന നിഷ്ഠൂര നിയമത്തിന്റെ നിർദ്ദയമായ പ്രയോഗങ്ങൾ കൂടുതൽ ആളുകളിലേക്ക് നീണ്ടുകൊണ്ടിരിക്കുയാണ്. കേരളത്തിൽ അലൻ-താഹ എന്നീ വിദ്യാർത്ഥികളെ അറസ്റ്റു ചെയ്തതുമായി ബന്ധപ്പെട്ട പന്തീരാങ്കാവ് കേസിലും ലോക്ഡൗൺ സമയത്ത് കൂടുതൽ പേരെ കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യുകയും റെയ്ഡ് നടത്തുകയും ചെയ്തിരുന്നു. എൻ.ഐ.എ ആണ് ഇതിനെല്ലാം നേതൃത്വം വഹിച്ചത്. വ്യക്തമായ തെളിവുകളൊന്നും ഇതുവരെ പുറത്തുവിടാൻ കഴിയാത്ത കേസായിരുന്നിട്ടും പന്തീരാങ്കാവ് കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട അലൻ, താഹ എന്നീ യുവാക്കൾ ഇപ്പോഴും ജയിലിൽ കഴിയുകയാണ്. യു.എ.പി.എ നിയമവും എൻ.ഐ.എ എന്ന അന്വേഷണ ഏജൻസിയുമാണ് ഇവിടെയും അവർക്ക് ലഭിക്കേണ്ട ജാമ്യത്തിനും നീതിക്കും തടസ്സമായി നിൽക്കുന്നത്. യു.എ.പി.എ-എൻ.ഐ.എ നിയമങ്ങൾ ഭേദഗതി ചെയ്യപ്പെട്ടതിലൂടെ ഉണ്ടായിരിക്കുന്ന കാർക്കശ്യത്തിന്റെ തെളിവുകളാണ് ഈ സംഭവങ്ങളെല്ലാം.

ഒരു കാലത്ത് മുസ്ലീങ്ങളെ അപരവത്കരിക്കുന്നതിനായി പ്രയോഗിച്ചിരുന്ന യു.എ.പി.എ നിയമം ഇപ്പോൾ ദലിത് മുന്നേറ്റങ്ങൾക്കെതിരെയും ആക്ടിവിസ്റ്റുകൾക്കെതിരയും എഴുത്തുകാർക്കെതിരെയും വിദ്യാർത്ഥികൾക്കെതിരെയും വ്യാപകമായി പ്രയോഗിക്കാൻ തുടങ്ങിയിരിക്കുകയാണ് എന്നാണ് സമീപകാല സംഭവങ്ങൾ വ്യക്തമാക്കുന്നത്. യു.എ.പി.എ എന്ന ജനാധിപത്യവിരുദ്ധമായ ഈ നിയമം പിൻവലിക്കുന്നതിനു വേണ്ടിയുള്ള ജനാധിപത്യപരമായ ഇടപെടലുകൾ പൂർവ്വാധികം ശക്തിപ്പെടേണ്ട സാഹചര്യത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നത്. ■